പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3110 **29-10-2026-ൽ മറുപടിയ്ക്ക്**

2026-ലെ മഴക്കെടുതി, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ- നാശനഷ്ടവും ധനസഹായവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. പി. സുമോദ്	ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 2026 വർഷത്തിലെ മഴക്കെടുതി, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവ മൂലം വീടുകൾക്കും കൃഷിഭൂമിക്കും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്തെ 2026 വർഷത്തിലെ മഴക്കെടുതി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ മൂലം വീടുകൾക്കും കൃഷി ഭൂമിക്കും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയത് സംബന്ധിച്ച വിശദാംശം അനുബന്ധം "എ) " യിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - (എ)

ക്രമ നം.	ജില്ല	വിശദാംശം
1	തിരുവനന്തപുരം	വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ പോർട്ടൽ മുഖേന സ്വീകരിച്ചു വരുന്നു.
2	കൊല്ലം	ധനസഹായം അനുവദിച്ചിട്ടില്ല.
3	പത്തനംതിട്ട	നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് 10,000/- വീതം 19,735 കുടുംബങ്ങൾക്ക് 19,73,50,000/- രൂപ ധനനസഹായം അനുവദിച്ചിട്ടുള്ളതും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി 10,000/- രൂപ വീതം 288 ഗുണഭോക്താക്കൾക്ക് 28,80,000/-രൂപയും അനുവദിച്ചിട്ടുള്ളതാണ്.
4	ആലപ്പുഴ	പ്രളയജലം കയറി നാശം സംഭവിച്ച വീടുകൾ വൃത്തിയാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 10000/- രൂപയിൽ 37552 പേർക്ക് 5000/- രൂപവീതം SDRF ൽ നിന്ന് വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ ആകെ തുക 18,77,60,000/-രൂപയും, 35775 ഗുണഭോക്താക്കൾക്ക് CMDRF തുകയായ 5000/- രൂപവീതം വിതരണം ചെയ്തതിന്റെ ആകെ തുക 17,88,75,000/- രൂപയുമാണ് ജില്ലാ കളക്ടേറ്റ് മുഖേന 26/09/2026 വരെ വിതരണം ചെയ്തിട്ടുള്ളതാണ്. 24/09/2026 ലെ സർക്കാർഉത്തരവ് നമ്പർ 387/2026/DMD പ്രകാരം ടി ധനസഹായവിതരണം താലൂക്ക് തലത്തിലേക്ക് മാറ്റിയിട്ടുള്ളതും അപ്രകാരം താലൂക്കുകൾ മുഖേന 26.09.2026 ന് ശേഷം വിതരണം ചെയ്തതുൾപ്പടെ SDRF ഫണ്ട് 5000/-രൂപ വീതം ആകെ 49417 ഗുണഭോക്താക്കൾക്ക് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതാണ്.
5	കോട്ടയം	കോട്ടയം ജില്ലയിൽ 5 പേർ കാലവർഷക്കെടുതിയിൽ മരണപ്പെടുകയും ആയവരുടെ സംസ്കാര ചടങ്ങുകൾക്കായി 10,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് SDRF ഫണ്ടിൽ നിന്നും 4,00,000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്.
6	ഇടുക്കി	നടപടി സ്വീകരിച്ചു വരുന്നു.
7	എറണാകുളം	ബാധകമല്ല
8	തൃശ്ശൂർ	തൃശ്ശൂർ ജില്ലയിൽ പ്രകൃതി ക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച 313 വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
9	പാലക്കാട്	നടപടി സ്വീകരിച്ചു വരുന്നു.
10	മലപ്പുറം	വീടുകളിൽ വെള്ളം കയറിയ 11 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്

11	കോഴിക്കോട്	2026-27 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല
12	വയനാട്	ആകെ 2,34,39,000/- രൂപയുടെ ധനസഹായം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ചിട്ടുണ്ട്.
13	കണ്ണൂർ	Flood Relief പോർട്ടലിൽ (landrevenue.kerala.gov.in) മുഖേന 1) House Damage, 2) Waterlogging, 3) Affected Families എന്നീ Module കളിലൂടെ 154 വീടുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.
14	കാസർഗോഡ്	46 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്